ജന്മഭൂമി
വാരാദ്യം
2025 ഒക്ടോബർ 26
ഞായർ
Janmabhumi Daily
twitter@janmabhumi
janmabhumi.in




# അശോക ഗംഗ



കെ.പി. അനിജാമോൾ
9447684282

***ഭാരതീയർക്ക് ഗംഗയെന്നാൽ ഒരു നദി മാത്രമല്ല. പവിത്രമായ സ്ഥാനം നല്കി, ആരതിയുഴിഞ്ഞ് ആരാധിക്കുന്ന പുണ്യനദിയാണ്. ഗംഗാ സ്നാനം സർവ്വപാപങ്ങളിൽ നിന്നും മുക്തമാക്കുമെന്നാണ് വിശ്വാസം. ഭാരതത്തിന്റെ ജീവനാഡികളിലൊന്നായ ഗംഗ ഏറെക്കാലം മാലിന്യവാഹിനിയായി ഒഴുകി. മാ ഗംഗയെന്ന് ഉള്ളുതൊട്ടുവിളിക്കുന്നവരുടെ മുന്നിൽ ആത്മാവിനേറ്റ മുറിവോടെയൊഴുകി. ആ വേദന ശമിപ്പിക്കാൻ ഇച്ഛാശക്തിയുള്ളൊരു ഭരണകൂടം ഉണ്ടായില്ല. പല കാലങ്ങളിൽ പല മാസ്റ്റർ പ്ലാനുകൾ. ഒന്നും ഫലം കണ്ടില്ല. എന്റെ മാ ഗംഗ ഇങ്ങനെയൊഴുകരുതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉറപ്പിച്ചപ്പോൾ നമാമി ഗംഗ പദ്ധതിക്ക് തുടക്കമായി. ഗംഗയെ ശുദ്ധീകരിക്കാനുള്ള നിയോഗവുമായി ഒരു മലയാളി കൂടി വന്നെത്തി. ഗംഗ അമൃത ഗംഗയായി വീണ്ടും ഒഴുകിത്തുടങ്ങി. ഗംഗയുടെ പുനരുജ്ജീവനത്തിന് ചുക്കാൻ പിടിച്ച തിരുവനന്തപുരം സ്വദേശി ജി. അശോക് കുമാർ ജന്മഭൂമിയോട് സംസാരിക്കുന്നു***

## നമാമി ഗംഗയിലേക്ക്

ലോകത്തിലെ ഏറ്റവും ദൈർഘ്യമുള്ള നദികളിലൊന്നായ ഗംഗ മലിനമായ നദികളുടെ പട്ടികയിൽ ഇടംനേടിയപ്പോൾ ഓരോ ഭാരതീയനും വിഷമിച്ചതു പോലെ തന്നെ അശോക് കുമാറും വിഷമിച്ചു. വർഷങ്ങൾക്ക് മുമ്പേ തന്നെ ഗംഗ മാലിന്യവാഹിനിയാകാൻ തുടങ്ങിയിരുന്നു. അന്നത്തെ സർക്കാരിനെ ഏറെ പ്രതിസന്ധിയിലാക്കിയതും ഗംഗയിലെ മലിനീകരണമായിരുന്നു. 1986 ൽ രാജീവ് ഗാന്ധി സർക്കാരാണ് ഗംഗാ പുനർജനിക്കായി ഗ്യാപ് 1 (ഗംഗ ആക്ഷൻ പ്ലാൻ) എന്ന പേരിലൊരു പദ്ധതി ആരംഭിച്ചത്. 1993 ൽ ഗ്യാപ് 2 എന്ന പേരിൽ പദ്ധതിക്കു തുടർച്ചയുണ്ടായി. 2009 ൽ നാഷണൽ ഗംഗാ റിവർ ബേസിൻ അതോറിറ്റി രൂപീകരിക്കപ്പെട്ടെങ്കിലും പിന്നെയും പദ്ധതി അനന്തമായി നീണ്ടു. 2014 ൽ നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്നതോടെ പദ്ധതിക്ക് വീണ്ടും ജീവൻവച്ചു. പദ്ധതിയെ കുറിച്ച് സമഗ്രമായി പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു.

'നമാമി ഗംഗ'യെന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചു. ഇതിനായി കേന്ദ്രസർക്കാർ 20,000 കോടി രൂപ അനുവദിച്ചു. പദ്ധതിക്കു ചുക്കാൻ പിടിക്കാൻ നേരത്തേതന്നെ രൂപീകരിച്ച നാഷണൽ മിഷൻ ഫോർ ക്ലീൻ ഗംഗയ്ക്ക് 2016 ൽ അതോറിറ്റി പദവി നൽകി. ഗംഗ മലിനീകരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിശോധിച്ചു തീരുമാനമെടുക്കാൻ ഈ അതോറിറ്റിക്ക് അധികാരവും നല്കി. പക്ഷേ, അപ്പോഴും ഗംഗയിലോ അതിന്റെ സമതലഭൂവിലോ വലിയ മാറ്റങ്ങൾ പ്രതിഫലിച്ചില്ല. പദ്ധതികൾക്കുള്ള അംഗീകാരവും നിർമാണവേഗവും പൂർത്തീകരണവും പതിവു മന്ദതയിൽ നീങ്ങുന്ന കാലത്താണ് മിഷന്റെയും നമാമി ഗംഗ ദൗത്യത്തിന്റെയും തലപ്പത്തേക്കു മലയാളിയായ അശോക് കുമാറെത്തുന്നത്. നമാമി ഗംഗ പദ്ധതിയുടെ തലപ്പത്തിരിക്കുന്നയാൾക്കു രാജ്യത്തെ മറ്റൊരു ഐഎഎസ് ഉദ്യോഗസ്ഥനുമില്ലാത്ത ചില അധികാരങ്ങളുണ്ടെന്ന ആനുകൂല്യം അശോക് കുമാർ ഉപയോഗപ്പെടുത്തി. മറ്റു മേലധികാരികളുടെ അനുമതി തേടാതെ തന്നെ സ്വന്തം അധികാരമുപയോഗിച്ചു 1000 കോടി രൂപയുടെ വരെ പദ്ധതികൾക്ക് അനുമതി നൽകാമെന്നതാണ് അതിലൊന്ന്. മന്ത്രാലയ സെക്രട്ടറിമാർക്കു പോലും 100 കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകാനാകുക. അല്ലാത്തത് മേൽ ഘടകങ്ങളിലേക്കു വിടണം. പദ്ധതിച്ചെലവ് 500 കോടി രൂപയ്ക്കു മുകളിലെങ്കിൽ മന്ത്രിസഭയുടെ അനുമതി വേണമെന്നതാണു സർക്കാർ ചട്ടം. ഗംഗയെ പ്രതികൂലമായി ബാധിക്കുന്ന എന്തുപ്രവർത്തനവും അടിയന്തരമായി നിർത്തിവയ്പ്പിക്കാനുള്ള അധികാരവും മിഷൻ ഡയറക്ടർക്ക് ഉണ്ടെന്നതു ഡയറക്ടർ ജനറൽ പദവിയിൽ അശോകിനു ധൈര്യമായി. പൂർത്തിയാകാതെ കിടന്ന നമാമി ഗംഗ പദ്ധതിക്ക് മിന്നൽ വേഗം വന്നു. അങ്ങനെ പദ്ധതി വിജയകരമായി നടപ്പാക്കി.

## ഗംഗാ ആരതിയും ഡോൾഫിനും തിരികെ

ഗംഗയുടെ തീരത്ത് ദിവസവും വൈകിട്ട് നടക്കുന്ന ആത്മീയ ചടങ്ങായ ഗംഗാ ആരതി നിർത്തിയത് വലിയ പ്രതിഷേധങ്ങൾക്ക് ഇടയാക്കിയിരുന്നു. ഗംഗയിൽ വലിയ തോതിൽ മാലിന്യം അടിഞ്ഞു കൂടിയതിനെ തുടർന്നാണ് ഗംഗാ ആരതി നിർത്തിവെച്ചത്. ഗംഗാ ആരതി ദർശനത്തിനെത്തുന്നവരെ ഇത് നിരാശരാക്കി. എന്നാൽ ഗംഗയെ ക്ലീനാക്കിയതോടെ ഗംഗാ ആരതി വീണ്ടും ആരംഭിച്ചു. തുടർന്ന് ഗംഗാ ആരതിയുടെ പേരിൽ നിരവധി പദ്ധതികളും ആവിഷ്കരിച്ചു. അതിൽ ഒന്നാണ് പരമാർത്ഥ് നികേതൻ ആശ്രമവുമായി (ഋഷികേശ്) സഹകരിച്ച് ഗംഗാ ആരതിയ്ക്കായി ആളുകളെ പരിശീലിപ്പിച്ചത്. അറുപതോളം ആളുകൾക്ക് പരിശീലനം നൽകി. സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള പരിശീലനവും നൽകി. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും വരുമാനം ഉണ്ടാക്കുന്നതിനും ഗംഗയെ വൃത്തിയായി സൂക്ഷിക്കുന്നതിനും ഇതേറെ സഹായിച്ചു. സാമ്പത്തിക പുരോഗതിയും സാധ്യമായി. അതുപോലെ തന്നെ ഗംഗയിൽ വംശനാശം സംഭവിച്ചു കൊണ്ടിരുന്ന ഡോൾഫിനുകളും തിരിച്ചെത്തി. ഒരു കാലത്ത് ഗംഗയിൽ എവിടെ നോക്കിയാലും നീന്തിത്തുടിക്കുന്ന ഡോൾഫിനുകളെ കാണാമായിരുന്നു. എന്നാൽ ഗംഗ മലിനമായതോടെ അവയ്ക്ക് വംശനാശം സംഭവിച്ചു. എന്നാൽ നമാമി ഗംഗയ്ക്ക് ശേഷം ഗംഗയിൽ ഡോൾഫിനുകളുടെ കാലം തിരികെയെത്തിയതായി അശോക് കുമാർ പറയുന്നു. 2012 ലെ കണക്ക് പ്രകാരം 671 ഡോൾഫിനുകളാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്നത് 5000 ത്തിന് മുകളിലാണ്. ഡോൾഫിനുകളെ കാണാനും നിരവധി സഞ്ചാരികളെത്തുന്നുണ്ട്.

## നദീ സംരക്ഷണത്തിന്

നമ്മുടെ സംസ്കാരത്തിന്റെ തന്നെ ഉറവിടമായി കരുതുന്ന നദികൾ മാലിന്യവാഹിനികളായി മാറുന്ന കാഴ്ചകളാണ് ഇന്ന് പലയിടത്തും കാണുന്നത്. മാലിന്യങ്ങൾ വലിച്ചെറിയുന്നതിനുള്ള ഇടമായി നദികൾ മാറി. നദിക്ക് ചുറ്റുമുള്ള ജനതതികളെ അവർ മറന്നു. ഈ സാഹചര്യത്തിൽ നദീ സംരക്ഷണത്തിനായി പല പദ്ധതികളും കേന്ദ്രസർക്കാരിന്റെ പരിഗണനയിലേക്ക് സമർപ്പിച്ചു. ഇതിൽ പ്രധാനപ്പെട്ടതായിരുന്നു നഗര നദീ മാനേജ്മെന്റ് പദ്ധതികൾ നടപ്പാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സുമായി ചേർന്നുള്ള പരിശീലന പരിപാടികൾ. 30 നഗരങ്ങളെ കേന്ദ്രീകരിച്ച് നദീ നഗര സഖ്യം രൂപീകരിച്ചു. ഇതിപ്പോൾ നദികളുള്ള 74 നഗരങ്ങളായി വർദ്ധിച്ചു കഴിഞ്ഞു. നഗര വികസനത്തിന് നദികളെ എങ്ങനെ ഉപയോഗപ്പെടുത്താമെന്നതിലാണ് ജനങ്ങളെ ബോധവത്കരിക്കേണ്ടത്. നദികൾ നഗര വളർച്ചയുടെ ഒരു എൻജിനാണെന്ന വിധത്തിലാകണം ബോധവത്കരണം. എങ്കിൽ മാത്രമേ നദികളെ സംരക്ഷിക്കാൻ കഴിയുകയുള്ളൂവെന്ന് അശോക് കുമാർ പറയുന്നു. 2019ൽ കാൺപൂരിൽ നടന്ന ഗംഗാ കൗൺസിൽ യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കുവച്ച അർഥ് ഗംഗ പദ്ധതി വൈവിധ്യവത്കരണ ആശയങ്ങളിലൂടെ നടപ്പാക്കാൻ തീരുമാനിച്ചതും അശോക് കുമാർ ഉൾപ്പെട്ട സംഘമാണ്. ഗംഗയ്ക്കു ചുറ്റുമുള്ളവർക്കു വരുമാനമുണ്ടാക്കാൻ കഴിയുന്നതും, അതേസമയം ഗംഗ സംരക്ഷിക്കപ്പെടേണ്ടത് അവരുടെ ആവശ്യമാണെന്ന ബോധ്യം ഉറപ്പിക്കാൻ കഴിയുന്നതുമായ പദ്ധതികളാണ് അർഥ് ഗംഗയിലേത്. ആറ് ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രവർത്തനം.

ഗംഗാതടങ്ങളിൽ പ്രകൃതിദത്ത കൃഷിരീതി പ്രോത്സാഹിപ്പിക്കലായിരുന്നു പ്രധാനം. നദിയുടെ ഇരുകരകളിലും രാസരഹിത കൃഷിക്ക് ആവശ്യമായ പിന്തുണയും ഫണ്ടിങ്ങും മിഷൻ തന്നെ നൽകി. മലിനജലത്തിന്റെ പുനരുപയോഗം വഴി ധന സമ്പാദനം ഉറപ്പാക്കുകയാണ് മറ്റൊന്ന്. മറ്റൊന്നു ടൂറിസം. പ്രാദേശിക ഉൽപന്നങ്ങളും ഔഷധ സസ്യങ്ങളും ആയുർവേദ ഉൽപന്നങ്ങളും വിൽക്കാൻ പറ്റുന്ന ഇടങ്ങൾ സൃഷ്ടിച്ച് ഉപജീവന അവസരങ്ങൾ ഒരുക്കുന്നു; നദിയുമായി ബന്ധപ്പെട്ടു കഴിയുന്നവരുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമാണ്. ഭാരതീയ സംസ്കൃതിയുമായി ബന്ധപ്പെട്ടു കിടക്കുന്ന നദിയെ സംരക്ഷിക്കേണ്ടത് ഓരോ ഭാരതീയന്റെയും കടമയാണെന്ന് ചിന്തിച്ചാൽ തന്നെ ഗംഗയെ മാലിന്യത്തിൽ നിന്നും മുക്തമാക്കാം.

## മഴ മനുഷ്യൻ

രൂക്ഷമായുണ്ടാകുന്ന വരൾച്ചയും ഇതേ തുടർന്നുള്ള ജലക്ഷാമവും പരിഹരിക്കാനായി എന്തു ചെയ്യാനാകുമെന്ന ചിന്തയിൽ നിന്നാണ് ക്യാച് ദ് റെയിൻ പദ്ധതിയിലേക്ക് എത്തുന്നത്. മഴവെള്ള സംഭരണത്തിനായി ദേശീയ ജല മിഷനിലായിരിക്കെ 2020ൽ തുടക്കമിട്ടതാണ് 'ക്യാച് ദ് റെയിൻ' കാമ്പെയ്ൻ. ഓരോ സ്ഥലത്തെയും സാഹചര്യങ്ങൾക്കനുസരിച്ചു മഴവെള്ളം സംഭരിക്കാനുള്ള പദ്ധതികൾ (ചെക്ക് ഡാമുകൾ, മഴവെള്ളക്കുഴികൾ, മേൽക്കൂരകൾ തുടങ്ങി കയ്യേറ്റമൊഴിപ്പിക്കൽ വരെ പദ്ധതിയുടെ ഭാഗമായി) വൻ വിജയമായിരുന്നു. പദ്ധതിയിഷ്ടപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദി 2021 ലെ ജലദിനത്തിൽ ജലശക്തി അഭിയാൻ, ക്യാച് ദി റെയിൻ എന്ന പേരിൽ പദ്ധതി ദേശീയ തലത്തിൽ പ്രഖ്യാപിച്ചു. മഴവെള്ള സംഭരണ പ്രവർത്തനം അശോകിന് ഒരു പേരും ചാർത്തിക്കൊടുത്തു, റെയിൻമാൻ ഓഫ് ഇന്ത്യ. ഈ വിശേഷണം നൽകിയതാകട്ടെ, ഭാരതത്തിന്റെ ജലമനുഷ്യനെന്നറിയപ്പെടുന്ന രാജേന്ദ്ര സിങ്ങും!. അദ്ദേഹം ഇതുപറഞ്ഞ് അഭിനന്ദിച്ചപ്പോൾ ഏറെ സന്തോഷം തോന്നി. പിന്നീട് ഈ പദ്ധതി പല സംസ്ഥാനങ്ങളിലും നടപ്പാക്കി- അശോക് കുമാർ പറയുന്നു.



• ജി. അശോക് കുമാർ

ചെങ്ങന്നൂർ ഇടനാട് കോന്നാലിൽ വീട്ടിൽ ഗോപാലപിള്ളയുടെയും രാജമ്മയുടെയും മകനാണ് ജി. അശോക് കുമാർ. പഠനം കഴിഞ്ഞ് ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിലും സി ഡോട്ടിലും ജോലി ചെയ്തു. പിന്നെയാണ് സിവിൽ സർവീസിലേക്ക് തിരിഞ്ഞത്. പഠനകാലത്ത് തന്നെ സാമൂഹിക പ്രതിബദ്ധതയോടെ വിവിധ സംഘടനകളിൽ പ്രവർത്തിച്ചു. സ്വപ്നത്തിന്റെ അടുത്തെത്താൻ തീവ്ര പരിശ്രമങ്ങൾ മാത്രം മതിയെന്നായിരുന്നു ഐഎഎസ് ലഭിച്ച ശേഷം അദ്ദേഹം പറഞ്ഞത്. ആന്ധ്രയിലായിരുന്നു ആദ്യ നിയമനം. വ്യത്യസ്ത ആശയങ്ങൾ നടപ്പാക്കി ചുരുങ്ങിയ കാലം കൊണ്ട് ജനകീയ കളക്ടറെന്നു പേരെടുത്തു. പ്രാധാന്യമുള്ള പല പദ്ധതികളും അവതരിപ്പിക്കുകയും വിജയിപ്പിക്കുകയും ചെയ്തു. അങ്ങനെയാണ് നമാമി ഗംഗ പദ്ധതിയുടെ ഡയറക്ടർ ജനറൽ പദവിയിലേക്ക് എത്തുന്നത്...

## ചരിത്രത്തിലേക്ക് ഒരു മുടിവെട്ട് ക്യാമ്പ്

രണ്ടായിരത്തിന്റെ തുടക്കത്തിൽ ആന്ധ്രാപ്രദേശിലെ നിസാമാബാദിൽ കളക്ടറായിരിക്കെ ജി. അശോക് കുമാർ നടത്തിയ മുടിവെട്ടു ക്യാമ്പ് ദേശീയതലത്തിൽ തന്നെ ചർച്ചയായിരുന്നു. പിന്നാക്ക വിഭാഗത്തിൽപ്പെട്ട പുരോഹിതരായ പോതരാജുക്കളുടെ ദുരിത ജീവിതത്തിന് അറുതി വരുത്തുന്നതായിരുന്നു അശോക് കുമാറിന്റെ നേതൃത്വത്തിൽ നടന്ന മുടിവെട്ട് ക്യാമ്പ്. ഇവർക്ക് മുടിമുറിക്കാൻ അനുവാദമുണ്ടായിരുന്നില്ല. തലമുറകളായി തുടരുന്ന പാരമ്പര്യമായിരുന്നു ഇത്. ജനിച്ചനാൾ മുതൽ വെട്ടാതെ സൂക്ഷിക്കുന്ന മുടിയിൽ അവർ പ്രത്യേക ദിവ്യത്വം കൽപിക്കുന്നു. മദ്യത്തിന് അടിമകളായി, ആചാരത്തിന്റെ പേരിൽ സ്വയം ചമ്മട്ടികൊണ്ട് അടിച്ച് നരകതുല്യമായ ജീവിതം അവർ നയിച്ചു പോന്നു. പെൺകുട്ടികളെ ഇളം പ്രായത്തിൽ വിവാഹം ചെയ്ത് ജോഗിനി(യോഗിനി)കളെന്ന പേരിൽ നാട്ടുദേവതയ്ക്കു സമർപ്പിക്കേണ്ട ഉത്തരവാദിത്തവും ഇവരുടേതായിരുന്നു. ഈ പെൺകുട്ടികൾ പിന്നീടു നാട്ടിലെ സമ്പന്നരുടെയും ഭൂവുടമകളുടെയും സ്വത്തായി മാറുന്നു. പോതരാജുക്കൾക്ക് സാധാരണ ജീവിതം നയിക്കാൻ ആവശ്യമായ എല്ലാ സഹായങ്ങളും അശോക് കുമാർ വാഗ്ദാനം ചെയ്തു. അതിലേക്കുള്ള പാലമായി കണ്ടത് മുടിയിൽ ദിവ്യത്വമുണ്ടെന്ന സങ്കൽപം അവസാനിപ്പിക്കുക എന്നതായിരുന്നു. മുടി മുറിക്കുക എന്നതാണ് അതിനുള്ള വഴി. ഇതിനായി വലിയൊരു ക്യാമ്പ് സംഘടിപ്പിച്ചു. ഇതിലൂടെ മുടിവെട്ടി സാധാരണ ജീവിതത്തിലേക്ക് നടന്നെത്തിയത് അറുനൂറോളം പോതരാജുക്കളാണ്. ശ്രീനാരായണഗുരുവിന്റെ നാട്ടുകാരനായ കളക്ടറുടെ നടപടിയെന്നു വിശേഷിപ്പിച്ചായിരുന്നു ഈ ചരിത്ര സംഭവത്തെ അന്നു തെലുങ്ക് പത്രങ്ങൾ അടയാളപ്പെടുത്തിയത്.

## സ്നേഹം കൊണ്ടൊരു പേരു ചാർത്തൽ

ആദ്യത്തെ നിയോഗം ആന്ധ്രയിലേക്ക്. നക്സലുകളെയും കൊള്ളക്കാരെയും കൊണ്ട് നിറഞ്ഞ ബോലികൊണ്ട ഗ്രാമത്തെ കുറിച്ച് പേടിപ്പെടുത്തുന്ന വാർത്തകളായിരുന്നു ദിവസവും പുറത്ത് വന്നിരുന്നത്. നക്സലുകളുടെ ഒളിത്താവളം മാത്രമായി മാറിയ ഇടം. അവിടേക്കു ചെന്നെത്താൻ പോലീസിനുൾപ്പെടെ ഭയമായിരുന്നു.

അസൗകര്യങ്ങളുടെ കാടുപിടിച്ചുകിടന്ന കുന്നിൻ മുകളിലെ ഗ്രാമത്തെക്കുറിച്ചു അന്നത്തെ ആന്ധ്രാ മുഖ്യമന്ത്രിയായിരുന്ന വൈഎസ്ആർ റെഡ്ഡി പലപ്പോഴും പറഞ്ഞു കേട്ടിരുന്നെങ്കിലും കാര്യമായി എടുത്തിരുന്നില്ല. പിന്നീട് ഒരുപാട് ചിന്തിച്ച് വെമുല മണ്ഡൽ എന്ന വനമേഖലയുടെ 10 കിലോമീറ്റർ ഉള്ളിലുള്ള ആ ഗ്രാമത്തിലേക്കു പോയി. ആ യാത്ര ഗ്രാമത്തിലും ജീവിതത്തിലും വലിയ മാറ്റങ്ങൾ വരുത്തി. ഇല്ലായ്മകളിൽ നിന്ന അവരെ താഴ്വാരത്തേക്കു പറിച്ചുനട്ടു. അവിടെ പുതിയൊരു ഗ്രാമമുണ്ടാക്കി നൽകി. മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗപ്പെടുത്തി ഫണ്ടെത്തിച്ചു. പുതിയ വീടുകൾ പണിതു. സ്കൂളും ആശുപത്രിയും മുതൽ അതിജീവനത്തിനു കൃഷിയിടം വരെ എല്ലാ സൗകര്യങ്ങളും ഒരുക്കി. അവിടം മാതൃകാ ഗ്രാമമായി മാറ്റുമെന്നു പറഞ്ഞ വൈഎസ്ആർ, മറ്റൊന്നു കൂടി പ്രഖ്യാപിച്ചു. 'പുതുതായി പിറവികൊണ്ട ആ ഗ്രാമം അശോക് നഗർ എന്നറിയപ്പെടും'. മുഖ്യമന്ത്രി സ്വപ്നം കണ്ടതു യഥാർഥ്യമാക്കിയ ജനകീയ കളക്ടർ അശോക് കുമാറിനോടുള്ള സ്നേഹം ചേർത്തായിരുന്നു ആ പേരുചാർത്തൽ!. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തോടെ കടപ്പ ജില്ലയിൽ മറ്റൊരിടത്തും സമാനരീതിയിൽ പേരിടൽ അരങ്ങേറി. രാജംപേട്ടിലെ ചിറ്റ് വേൽ മണ്ഡലിലെ തങ്ങളുടെ ഹൗസിങ് കോളനിയെ അവിടത്തുകാർ അശോക് നഗറാക്കി മാറ്റി. അതും പ്രിയപ്പെട്ട കളക്ടർ അശോക് കുമാറിനോടുള്ള സ്നേഹം. അതേ അശോക് കുമാർ നിസാമാബാദ് കളക്ടറായിരിക്കെ, മറ്റൊരത്ഭുതം സൃഷ്ടിച്ചു. നിസാമാബാദ് സിറ്റിയിൽനിന്ന് 7 കിലോമീറ്റർ അകലെയുള്ള പ്രശസ്തമായ ബസാറിലെ സരസ്വതി ക്ഷേത്രത്തിനടുത്തുള്ള ഒരു തടാകത്തിലെ അസൗകര്യങ്ങൾക്ക് അറുതി വരുത്തി. ആന്ധ്രയിലെ ടൂറിസം ഭൂപടത്തിലെ പ്രധാന ആകർഷണമായി സ്ഥലത്തെ അവതരിപ്പിച്ചു. നിസാമാബാദിലെ തടാകത്തിനും അശോക് കുമാറിനോടുള്ള സ്നേഹത്തിന്റെയും കടപ്പാടിന്റെയും പേരു വീണു: അശോക് സാഗർ!.




• ആന്ധ്രാപ്രദേശിലെ നിസാമാബാദിൽ കളക്ടറായിരിക്കെ ജി. അശോക് കുമാർ നടത്തിയ മുടി വെട്ട ക്യാമ്പിൽ നിന്ന്